# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3273 | 10.12.2018 -ൽ മറുപടിക്ക്

## റവന്യൂ വകുപ്പിന്റെ പ്ലാൻ ഫണ്ട് വിനിയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.തോമസ്<br>,, വി.ഡി.സതീശൻ<br>,, ഷാഫി പറമ്പിൽ<br>,, കെ.മുരളീധരൻ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) റവന്യൂ വകുപ്പിന്റെ പ്ലാൻ ഫണ്ട് വിനിയോഗം 28/11/2018 വരെ 13 ശതമാനം മാത്രം ആയതിന്റെ സാഹചര്യം വ്യക്തമാക്കുമോ; | (എ) സംസ്ഥാനം നേരിട്ട സമാനതകളില്ലാത്ത പ്രളയവും, പദ്ധതി വിഹിതം ചെലവഴിക്കുന്നതിനുള്ള നടപടിക്രമങ്ങളിലെ നിയമപ്രകാരമുള്ള പൂർത്തീകരണത്തിന് വേണ്ടി വന്ന അധിക സമയവുമാണ് പദ്ധതി വിഹിത വിനിയോഗത്തിൽ കുറവുണ്ടായ സാഹചര്യം. |
| (ബി) പ്ലാൻ ഫണ്ട് വിനിയോഗത്തിൽ പുരോഗതി കൈവരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) നടപ്പ സാമ്പത്തിക വർഷം അനുവദിച്ച പദ്ധതി തുകയുടെ 90% എങ്കിലും ശേഷിക്കുന്ന കാലപരിധിക്കുള്ളിൽ ചെലവിടാൻ ഉതകുന്ന തരത്തിൽ ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി അതനുസരിച്ച നടപടികൾ നടത്തുന്നതിന് പ്രത്യേകമായ സംവിധാനം ഏർപ്പെടുത്തി ഓരോ മാസത്തെയും പുരോഗതി വിലയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) പ്ലാൻ ഫണ്ട് വിനിയോഗത്തിൽ പുരോഗതി കൈവരിക്കാൻ സാധിക്കാത്തതു വകുപ്പിന്റെ വീഴ്ചയായി കരുതുന്നുണ്ടോ; വിശദമാക്കുമോ? | (സി) സംസ്ഥാനം നേരിട്ട സമാനതകളില്ലാത്ത പ്രളയവും, പദ്ധതി വിഹിതം ചെലവഴിക്കുന്നതിനുള്ള നടപടിക്രമങ്ങളിലെ നിയമപ്രകാരമുള്ള പൂർത്തീകരണത്തിന് വേണ്ടി വന്ന അധിക സമയവും കാരണമാണ് പദ്ധതി വിഹിത വിനിയോഗത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിയാതെ പോയത്. ആയത് റവന്യൂ വകുപ്പിന്റെ വീഴ്ചയായി കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ